# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/163/2017 | <u>പത്രക്കുറിപ്പ്</u> | 2017 ആഗസ്റ്റ് 04

**എം. ജി ബിരുദ ഏകജാലകം : ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ യോഗ്യത നേടിയവർ ആഗസ്റ്റ് 7 ന് വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിന് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ആഗസ്റ്റ് 7 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 7 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**എം. ജി ബി. പി. എഡ്/ബി. എൽ. ഐ. എസ്സി ഏകജാലകം : ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏകജാലകം വഴി ബി. പി. എഡ്/ബി. എൽ. ഐ. എസ്സി. പ്രോഗ്രാമുകളിലെ ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഓപ്ഷനുകൾ നാളെ (ആഗസ്റ്റ് 6) വൈകുന്നേരം അഞ്ചുമണി വരെ പുതുക്കാവുന്നതും ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് അവസരമുണ്ടായിരിക്കുന്നതുമാണ്. അപേക്ഷകർക്ക് ഉചിതമായ ഓപ്ഷനുകൾ തെരഞ്ഞെടുക്കുന്നതിലേക്കായി അപേക്ഷകർ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്കും, ട്രയൽ അലോട്ട്മെന്റിലെ വിവിധ പ്രോഗ്രാമുകളിലെ ലാസ്റ്റ് റാങ്ക് വിശദാംശങ്ങളും പ്രൊവിഷണൽ റാങ്ക് ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർക്ക് തങ്ങൾ ഓപ്ഷനായി നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഇൻഡക്സ് മാർക്ക്, വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളുടെ സീറ്റ് വിശദാംശങ്ങൾ, ലാസ്റ്റ് റാങ്ക് വിശദാംശങ്ങൾ, പ്രോവിഷണൽ റാങ്ക് ലിസ്റ്റ് എന്നിവ പരിശോധിച്ച് ഉചിതമായ ഓപ്ഷനുകൾ ആവശ്യമെങ്കിൽ പുതുതായി നൽകുകയോ പുനക്രമീകരിക്കുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. ഒന്നാം അലോട്ട്മെന്റ് ആഗസ്റ്റ് 10 ന് പ്രസിദ്ധീകരിക്കും.

**എം. ടെക് അപേക്ഷാ തീയതി നീട്ടി**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസിലെ 2017 - 18 അക്കാദമിക വർഷത്തിലെ എം. ടെക് കംപ്യൂട്ടർ ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് അപേക്ഷിക്കാനുള്ള അവസാനതീയതി ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചു.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി. വോക് ലോജിസ്റ്റിക് മാനേജ്മെന്റ് കോഴ്സ് (2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഇ. ആർ. പി. ലാബ് പ്രാക്ടിക്കൽ ആഗസ്റ്റ് 8, 9 തീയതികളിൽ മാറമ്പള്ളി എം. ഇ. എസ് കോളേജിലും, എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. വോക് ലോജിസ്റ്റിക് മാനേജ്മെന്റ് കോഴ്സ് (2015 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ജനറൽ ഇൻഫോർമാറ്റീക് ലാബ് II പ്രാക്ടിക്കൽ ആഗസ്റ്റ് 10, 14 തീയതികളിൽ മാറമ്പള്ളി എം. ഇ. എസ് കോളേജിലും, എറണാകുളം സെന്റ് ആൽബർട്സ് കോളേജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2016 ജൂലായിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി. എ. ക്രിമിനോളജി എൽ എൽ. ബി (ഓണേഴ്സ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

2016 സെപ്റ്റംബറിൽ നടത്തിയ അവസാന സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്, റഗുലർ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമുല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 18 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ മലയാളം (റഗുലർ /ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമുല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 17 വരെ സ്വീകരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**